പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: **4513**

20.10.2011 ൽ മറുപടിയ്ക്ക്

## ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എ. ബേബി<br>" സി. കെ. സദാശിവൻ<br>" ആർ. രാജേഷ്<br>" ബി. സത്യൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | ചവറ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ ആക്രമിച്ച് സി.ഐ.യെ തടഞ്ഞു വെയ്ക്കുകയും എസ്.ഐ.യെ ബന്ദിയാക്കുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സംഭവത്തിൽ എന്തെല്ലാം നാശനഷ്ടങ്ങളുണ്ടായി; എത്രപേർക്കെതിരെ പോലീസ് കേസ്സെടുക്കുകയുണ്ടായി; ഏതെല്ലാം വകുപ്പുകൾ അനുസരിച്ച് എത്രപേരെ അറസ്റ്റ് ചെയ്തു ; | (ബി) | സ്റ്റേഷനിലെ ടേബിൾ ഗ്ലാസും, ജനൽ ഗ്ലാസും അടിച്ചുപൊട്ടിച്ചതിൽ വച്ച് 5,000/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതും, 169 പേരുടെ പേരിൽ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ ക്രൈം 582/11 u/s 143, 147, 353 r/w 149 IPC & Sec. 3 ( 1) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ആരേയും അറസ്റ്റ് ചെയ്തിട്ടില്ല. |

....2

| | | | |
|---|---|---|---|
| (സി) | സംഭവത്തിനിടയായ സാഹചര്യം എന്താ യിരുന്നു ; | (സി) | തെക്കുംഭാഗം സുധാകരൻ കൊല ക്കേസിലെ 1-ാം സാക്ഷിയായ വാമദേവനെ ടി കേസിലെ പ്രതിയായ സണ്ണിയുടെ നേതൃത്വത്തിൽ 1 മുതൽ 8 വരെ പ്രതികൾ തടഞ്ഞുനിർത്തി അസഭ്യം പറഞ്ഞതിലേക്ക് രജിസ്റ്റർ ചെയ്ത ക്രൈം. 581/11-ാം നമ്പർ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്യാതിരു ന്നതിൽ പ്രതിഷേധിച്ചായിരുന്നു ആക്രമണം. |
| (ഡി) | പ്രതികളും ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയും തമ്മിൽ ബന്ധമുള്ളതായി വെളിവായിട്ടുണ്ടോ ? | (ഡി) | പ്രസ്തുത കേസിലെ പ്രതികൾക്ക് ഏതെങ്കിലും പാർട്ടിയുമായി ബന്ധമുള്ള തായി വെളിവായിട്ടില്ല. |

സെക്ഷൻ ഓഫീസർ